ജി(2)16977/18

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി 15.10.18

**സർക്കുലർ.നമ്പർ. 51/18**

വിഷയം: സഹകരണ വകുപ്പ് - സംസ്ഥാനത്തെ മഴക്കെടുതി- കാർഷിക കടങ്ങൾക്ക് ഒരു വർഷം വരെ മോറട്ടോറിയം അനുവദിച്ച് സർക്കലർ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന: 1) സർക്കാറിന്റെ 18.08.18 ലെ സ.ഉ(കൈ) 32/2018/സഹ നമ്പർ ഉത്തരവ്.
2) 20.08.18 ൽ നടന്ന സംസ്ഥാന തല ബാങ്കിംഗ് സമിതിയുടെ തീരുമാനം (3.09.18 ലെ SLBC 35 117 2018 NK നമ്പർ കത്ത്)
3)സർക്കാറിന്റെ 29.08.18 ലെ ജി.ഒ(പി) 04/2018/ഡി എം ഡി നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി, പ്രളയബാധിത പ്രദേശമായി ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗരേഖ പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ കാർഷിക കടങ്ങൾക്ക് ഒരു വർഷം വരെ മോറട്ടോറിയം അനുവദിക്കുവാൻ സംസ്ഥാന/ജില്ലാതല ബാങ്കിംഗ് സമിതി വിളിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും സഹകരണ സംഘങ്ങൾ വഴി നൽകിയിട്ടുള്ള കാർഷിക കടങ്ങൾക്ക് സഹകരണ ബാങ്കുകളും സമാനനടപടികൾ സ്വീകരിക്കണമെന്നും പരാമർശം(1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പരാമർശം(2) പ്രകാരമുള്ള സംസ്ഥാന തല ബാങ്കിംഗ് സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നു. ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രളയബാധിത പ്രദേശമായി പരാമർശം(3) പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

- മോറട്ടോറിയം കാലാവധിയിലെ പിഴപലിശ ഈടാക്കുവാൻ പാടില്ലാത്തതാണ്.

- മോറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് ന് മോറട്ടോറിയം കാലാവധിക്ക് ശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണ സ്ഥാപനം/ബാങ്ക് സ്വന്തം ഫണ്ട്

ഉപയോഗിച്ച നൽകുന്ന വായ്പകളുടെ മേൽ കാലയളവിലെ പലിശ അതാത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്തുകൊടുക്കാവുന്നതാണ്.

- എല്ലാ ജനറൽ വിഭാഗ ജോയിന്റ് രജിസ്ട്രാർമാരും ആഡിറ്റ് വിഭാഗ ജോയിന്റ് ഡയറക്ടർമാരും സർക്കുലർ നിർദ്ദേശം നടപ്പിലാക്കുന്നത് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്
എസ്സ്.ഷാനവാസ്സ്.ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-
1) സഹകരണ ആഡിറ്റ് ഡയറക്ടർ
2) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)
3)എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)
4) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
5) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
6) എല്ലാ ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്
7) എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
8) സ്റ്റോക്ക് ഫയൽ
9) സ്പെയർ

അംഗീകാരത്തോടെ

അസിസ്റ്റന്റ് രജിസ്ട്രാർ(മാർക്കറ്റിംഗ്)